5. മുനമ്പംപണ്ണിരുക്കടവ് പാലം-പൂർത്തിയായ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

6. നടത്തിപ്പുകാരുടെ പാലം-പ്രവൃത്തി ടെണ്ടർ ചെയ്തതിലുള്ള സാങ്കേതിക കുഴപ്പങ്ങളാണ് തുടർ നടപടികൾ വിലയിരുത്തിക്കൊണ്ടിരിക്കുന്നതിനാൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

7. അനാശാസ്യങ്ങളുടെ പാലം - ടെണ്ടറിന് അംഗീകാരം നൽകിയിട്ടുണ്ട് തുടർ നടപടി സ്വീകരിച്ചുവരുന്നു.

8. കിഴക്കൊത്ത് പള്ളിക്കടവ് പാലം - ടെണ്ടർ അംഗീകാരം നൽകുന്നതിനായി പരിശോധിച്ചുവരുന്നു.

9. കുഞ്ഞാനതിരിപ്പാലം-പൂർത്തിയായ അലൈൻമെന്റിന് തയ്യാറാക്കി വരുന്നു.

വട്ടോളിപ്പാലം നിർമ്മാണം

288 (1373) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന പദ്ധതിയുടെ പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊണ്ടർ നിയോജക മണ്ഡലത്തിലെ വട്ടോളിപ്പാലത്തിന്റെ ഡിസൈൻ അപ്രൂവലിനുള്ള നിർദ്ദേശം പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിഭാഗത്തിന് സമർപ്പിക്കുകയുണ്ടായിട്ടുണ്ടോ;എങ്കിൽ നിർദ്ദേശം എപ്പോഴാണ് ലഭിച്ചത്;

(ബി) ഡിസൈൻ അപ്രൂവൽ നടപടി ഇപ്പോൾ എത്ര ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വട്ടോളിപ്പാലത്തിന് ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം 3-3-2014-ൽ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് നൽകിയിരുന്നില്ല. ഡിസൈൻ വിഭാഗം ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായി. ഫീസിബിലിറ്റി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

ഡി.സി.ആർ.ജി. അനുവദിക്കണമെന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷ

289 (1374) ശ്രീ. സാജു പോൾ : താഴെ കാണുന്ന പദ്ധതിയുടെ പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഓഫീസ് അറ്റൻഡന്റായ ശ്രീ. വി. പി. എൽദോയുടെ രണ്ടാനമ്മ ശ്രീമതി. അന്നം പൗലോസ് വിണ്ടാലിൽ വീട്, ഇരിങ്ങാൾ (പി.ഒ.) എന്നയാൾ ഡി. സി. ആർ. ജി. അനുവദിക്കണമെന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷ പരിഗണിച്ചിട്ടുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly

(ബി) പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി 7-11-2015-ന് 4111/ബി1/2015 നമ്പർ കത്തുപ്രകാരം പി.ഡബ്ല്യു.ഡി. ഭരണ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ ;

(സി) പ്രസ്തുത ആവശ്യം പ്രകാരം ഡി.സി.ആർ.ബി. അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരിഗണിച്ചിട്ടുണ്ട്.

(ബി) 7-11-2015-ലെ സർക്കാർ കത്ത് നമ്പർ 4111/ബി1/2015/പൊ.മ.വ പ്രകാരമാണ് പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം ചീഫ് എഞ്ചിനീയർ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഡി.സി.ആർ.ബി. അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

എം. സി. റോഡ് വികസനവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം

290 (1375) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) എം.സി. റോഡ് വികസനവുമായി ബന്ധപ്പെട്ട് കെ.എസ്.ടി.പി.യുടെ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി തഴക്കര ലൈബ്രറി കെട്ടിടത്തിന് പുനസ്ഥാപനവില നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നഷ്ടപരിഹാരതുക നൽകുന്നതിന് വസ്തു നടപടി സ്വീകരിക്കുമോ ; ഇതിനുള്ള തടസ്സം വ്യക്തമാക്കാമോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് ലൈബ്രറി കമ്മിറ്റി പരാതി നൽകിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് ഫയൽ വിലയിരുത്തിയോ; എങ്കിൽ ഫയൽ നമ്പർ വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) എം.സി. റോഡ് വികസനത്തിനായി ഏറ്റെടുക്കേണ്ടിവന്ന കാണക്കാരി വില്ലേജിലെ തഴക്കര ലൈബ്രറിക്ക് കെ.എസ്.ടി.പി.-യുടെ പുനരധിവാസ പദ്ധതിയിൽപ്പെടുത്തി സർക്കാരിനും കെട്ടിട വിലയും രണ്ടു ഗഡുക്കളായി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly